ജില്ലാ ദുരന്ത നിവാരണ അതോറിറ്റി, ഇടുക്കി
ജില്ലാ എമർജൻസി ഓപ്പറേഷൻ സെന്റർ, സിവിൽ സ്റ്റേഷൻ, പൈനാവ്.പി.ഒ
കുയിലിമല, പിൻ - 685603
ഇമെയിൽ : deocidk@gmail.com
ഫോൺ : 04862 233111, 233130, മൊബൈൽ : 9383463036,7034447100

Break the Chain

**ജില്ലാ കളക്ടർ & ചെയർമാൻ, ജില്ലാ ദുരന്തനിവാരണ അതോറിറ്റി, ഇടുക്കിയുടെ നടപടിക്രമം.**

**(ഹാജർ: എച്ച്. ദിനേശൻ ഐ എ എസ്)**

വിഷയം: കൊവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളിൽ സർക്കാർ ജീവനക്കാരെയും അധ്യാപകരെയും നിയോഗിക്കുന്നത് - ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം : 1) GO (Rt) No. 408/2021/DMD Dated 10.05.2021
2) GO (Rt) No. 410/2021/DMD Dated 11.05.2021

**ഉത്തരവ് നമ്പർ DCIDK/3288/2020 - DM1 തീയതി: 21.05.2021**

സംസ്ഥാനത്ത് ലോക്ഡൌൺ പ്രഖ്യാപിച്ചതിന്റെ ഭാഗമായി സർക്കാർ അന്തർ ജില്ലാ യാത്രകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ ജോലിക്ക് ഹാജരാകാൻ കഴിയാത്ത സർക്കാർ ജീവനക്കാരെയും, അധ്യാപകരെയും കൊവിഡ് അനുബന്ധ സേവനങ്ങൾക്കായി ജില്ലാ കളക്ടർമാർക്ക് കീഴിൽ വിന്യസിക്കുന്നതിനും, ഇത്തരത്തിൽ ലഭ്യമായ ജീവനക്കാരെ അതത് ജില്ലാ കളക്ടർമാർ കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി കളക്ടറേറ്റുകളിലും തദ്ദേശ ഭരണ സ്ഥാപനങ്ങളിലും അടിയന്തരമായി വിന്യസിക്കുന്നതിനും പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

ഈ സാഹചര്യത്തിൽ എച്ച്.ദിനേശൻ ഐ.എ.എസ് എന്ന ഞാൻ ഇടുക്കി ജില്ല ദുരന്ത നിവാരണ അതോറിറ്റിയുടെ ചെയർമാൻ എന്ന നിലയിൽ എന്നിൽ നിക്ഷിപ്തമായ അധികാരങ്ങൾ ഉപയോഗിച്ച് ദുരന്ത നിവാരണ നിയമം 2005 സെക്ഷൻ 30, 34 എന്നിവ പ്രകാരം ചുവടെ ചേർക്കുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉത്തരവ്**

ഇടുക്കി ജില്ലയിൽ സേവനം അനുഷ്ഠിച്ച് വരുന്ന അവശ്യ സർവ്വീസിൽ ഉൾപ്പെടാത്ത വിവിധ വകുപ്പുകളിലെ സർക്കാർ/ അർദ്ധ സർക്കാർ ജീവനക്കാർ, അധ്യാപകർ എന്നിവരിൽ ഇടുക്കി ജില്ലയിൽ സ്ഥിരതാമസമാക്കിയവർ അവരവർ താമസിക്കുന്ന സ്ഥലത്തെ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ മുമ്പാകെ ഹാജരായി പേര്, മേൽവിലാസം, ഔദ്യോഗിക മേൽവിലാസം, PEN, മൊബൈൽ നമ്പർ എന്നിവ സഹിതം രേഖാമൂലം ഈ ഉത്തരവ് തീയതി മുതൽ 24 മണിക്കൂറിനുള്ളിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഇടുക്കി ജില്ലയിൽ സേവനം അനുഷ്ഠിച്ച് വരുന്നതും, ഇതര ജില്ലയിൽ സ്ഥിരതാമസക്കാരുമായ ജീവനക്കാരും, അധ്യാപകരും അവരവരുടെ സ്ഥിരതാമസമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ മുമ്പാകെ ഹാജരായി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

അവശ്യ സർവ്വീസായി സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള വിവിധ വകുപ്പുകളിൽ സേവനം അനുഷ്ഠിച്ച് വരുന്ന ഇടുക്കി ജില്ലയിലെ ജീവനക്കാർ ബന്ധപ്പെട്ട വകുപ്പുകളുടെ ജില്ലാ ഓഫീസർമാർ മുമ്പാകെ റിപ്പോർട്ട് ചെയ്യേണ്ടതും, ടി ജീവനക്കാരെ സ്ഥിരതാമസ സ്ഥലത്തിന് ഏറ്റവും അടുത്തുള്ള ഓഫീസിലേക്ക് ജോലി ക്രമീകരണ വ്യവസ്ഥയിൽ ജില്ലാ ഓഫീസർമാർക്ക്

നിയമിക്കാവുന്നതുമാണ്.

ഇതര ജില്ലകളിൽ സേവനം അനുഷ്ഠിച്ചു വരുന്നതും, ഇടുക്കി ജില്ലയിൽ സ്ഥിരതാമസമുള്ളവരുമായ ജീവനക്കാർ അവരവർ സേവനമനുഷ്ഠിച്ചു വരുന്ന ജില്ലകളിലെ കളക്ടർമാരുടെ ഉത്തരവിൻ പ്രകാരം ഇടുക്കി ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ മുൻപാകെ ഡ്യൂട്ടിക്ക് ഹാജരായി റിപ്പോർട്ട് ചെയ്യാവുന്നതാണ്.

വിവിധ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ മുൻപാകെ മേൽ പരാമർശിച്ച പ്രകാരം ഡ്യൂട്ടിക്കായി ഹാജരാകുന്ന ജീവനക്കാരുടെ വിവരങ്ങൾ ക്രോഡീകരിച്ച് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറേണ്ടതും, ടി ജീവനക്കാർക്ക് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി നിയമനം നൽകി വിവരം ഈ കാര്യാലയത്തിലേക്ക് (deocidk@gmail.com) റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. നഗരസഭകളിൽ ഡ്യൂട്ടിക്ക് ഹാജരാകുന്ന ജീവനക്കാർക്ക് നഗരസഭാ സെക്രട്ടറിമാർ നിയമനം നൽകേണ്ടതും വിവരം ഈ കാര്യാലയത്തിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

ഇത്തരത്തിൽ ഡ്യൂട്ടിക്ക് നിയമിക്കുന്ന ജീവനക്കാർക്ക് ജില്ലാ ദുരന്ത നിവാരണ അതോറിറ്റി പ്രത്യേക ചുമതലകൾ ഏൽപ്പിച്ചു നൽകുന്ന പക്ഷം ആയവരെ ടി ഡ്യൂട്ടിക്ക് ഹാജരാകണമെന്ന നിർദ്ദേശത്തോടെ ഉടൻ പ്രാബല്യത്തിൽ വിടുതൽ ചെയ്യേണ്ടതാണ്.

സംസ്ഥാനത്ത് ലോക്ഡൌൺ പ്രഖ്യാപിച്ചതിനെ തുടർന്ന് വിവിധ ഓഫീസുകളിൽ ഡ്യൂട്ടിക്ക് ഹാജരാകാത്ത ജീവനക്കാർ തിരികെ ഡ്യൂട്ടിയിൽ പ്രവേശിക്കുന്ന വേളയിൽ ടി ജീവനക്കാർ ഡ്യൂട്ടി ചെയ്ത തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിയിൽ നിന്നുമുള്ള ഡ്യൂട്ടി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ടെന്ന് എല്ലാ വകുപ്പുകളുടെയും ജില്ലാ മേധാവികൾ ഉറപ്പ് വരുത്തേണ്ടതാണ്. ജില്ലാ ദുരന്ത നിവാരണ അതോറിറ്റി പ്രത്യേകമായി ഡ്യൂട്ടിക്ക് നിയോഗിക്കുന്ന ജീവനക്കാർക്ക് ടി ഉത്തരവിന്റെ പകർപ്പ് സഹിതം അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് ഡ്യൂട്ടി സർട്ടിഫിക്കറ്റ് നൽകുന്നതിന് ബന്ധപ്പെട്ട തഹസിൽദാർമാരെ ചുമതലപ്പെടുത്തുന്നു.

ടി ഉത്തരവ് കർശനമായി പാലിക്കുന്നതിന് എല്ലാ വകുപ്പുകളുടെയും മേഖല/ ജില്ലാ മേധാവികളെ ചുമതലപ്പെടുത്തുന്നു. ടി ഉത്തരവ് ലംഘിക്കുന്ന ജീവനക്കാർക്ക് എതിരെ ദുരന്ത നിവാരണ നിയമം 2005 ലെ ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരം കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

(ഒപ്പ്/-)

ജില്ലാ കളക്ടർ & ചെയർമാൻ

ജില്ലാ ദുരന്തനിവാരണ അതോറിറ്റി

സ്വീകർത്താക്കൾക്ക്

1) എല്ലാ ജില്ലാ കളക്ടർമാർക്കും
2) എല്ലാ വകുപ്പുകളുടെയും ജില്ലാ/ മേഖലാ മേധാവികൾക്ക്
3) ജില്ലാ ഇൻഫർമേഷൻ ഓഫീസർ, ഇടുക്കി (പത്ര, ദൃശ്യ, ശ്രാവ്യ, സാമൂഹിക മാധ്യമങ്ങൾ മുഖേന വിപുലമായ പ്രസിദ്ധീകരണത്തിനായി)
4) ജില്ലാ ഇൻഫർമാറ്റിക്സ് ഓഫീസർ, ഇടുക്കി (ജില്ലയുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
5) ജില്ലാ കളക്ടറുടെ ഔദ്യോഗിക ഫെയ്സ്ബുക്ക് പേജിൽ പ്രസിദ്ധീകരിക്കുന്നതിന്.

ഉത്തരവിൻ പ്രകാരം

ജൂനിയർ സൂപ്രണ്ട് (ഡിഎം)